**<u>15 -ാം കേരള നിയമസഭ</u>**

**<u>9 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2126</u>** **<u>12-09-2023 - ൽ മറുപടിയ്ക്ക്</u>**

## <u>വഖഫ് ബോർഡിന്റെ സാമൂഹ്യ ക്ഷേമ പദ്ധതികൾ</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. ഉബൈദുള്ള</td><td colspan="2">ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള സംസ്ഥാന വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പദ്ധതികൾക്കും ഭരണ നിർവഹണത്തിനുമായി എത്ര തുക അനുവദിച്ചു; വിശദാംശം നൽകുമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം, വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് എന്നീ ഇനങ്ങളിലായി അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>സാമ്പത്തിക വർഷം</th><th>സാമൂഹ്യക്ഷേമ പദ്ധതി</th><th>അഡ്മിനിസ്റ്റേറ്റീവ് ഗ്രാന്റ്</th></tr>
<tr><td>1</td><td>2021-22</td><td>1,32,00,000.00</td><td>1,22,00,000.00</td></tr>
<tr><td>2</td><td>2022-23</td><td>1,00,00,000.00</td><td>62,00,000.00</td></tr>
<tr><td>3</td><td>2023-24</td><td>26,40,000.00</td><td>15,84,000.00</td></tr>
<tr><td></td><td>ആകെ</td><td>2,58,40,000.00</td><td>1,99,84,000.00</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>ഖത്തീബുമാർക്കുള്ള പെൻഷൻ, വിവാഹ ധനസഹായം, ചികിത്സാസഹായം എന്നിവ അനുവദിക്കുന്നതിനുള്ള സോഷ്യൽ വെൽഫെയർ കമ്മിറ്റി എന്നാണ് അവസാനമായി യോഗം ചേർന്നത്; വ്യക്തമാക്കാമോ;</td><td>(ബി)</td><td>വഖഫ് ബോർഡ് സാമൂഹ്യക്ഷേമ (കേരള) പദ്ധതിയുമായി ബന്ധപ്പെട്ട സാങ്ഷൻ കമ്മിറ്റി അവസാനമായി യോഗം ചേർന്നത് 09.09.2023-ാം തീയതിയിലാണ്. പ്രസ്തുത യോഗത്തിൽ ടി പദ്ധതി പ്രകാരം 31.08.2023-ാം തീയതി വരെ ലഭിച്ച പ്രതിമാസ ധനസഹായം അപേക്ഷകൾ പാസ്സാക്കിയതിൽ 31.12.2022 വരെയുള്ള പ്രതിമാസ ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ 31.08.2023-ാം തീയതി വരെ ലഭിച്ച ചികിത്സ ധനസഹായ അപേക്ഷകളും വിവാഹ ധനസഹായ അപേക്ഷകളും സാങ്ഷൻ കമ്മിറ്റി പാസ്സാക്കിയിട്ടുണ്ട്. സോഷ്യൽ വെൽഫയർ ഗ്രാന്റ് ഇനത്തിൽ പ്രതിവർഷം ലഭ്യമാകുന്ന തുക വിനിയോഗിച്ച് 24.11.2018 വരെയുള്ള ചികിത്സ, ധനസഹായ അപേക്ഷകൾക്കും, 27.11.2017 വരെയുള്ള വിവാഹ ധനസഹായ അപേക്ഷകൾക്കും തുക അനുവദിച്ച് തീർപ്പാക്കിയിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ഇത്തരത്തിലുള്ള ധാരാളം അപേക്ഷകൾ തീർപ്പാകാതെയുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏത് കാലയളവിലെ ആനുകൂല്യങ്ങളാണ് ഇതുവരെ പാസ്സാക്കിയത്; വ്യക്തമാക്കുമോ;</td><td>(സി)</td><td>ബി പിരിവിനുള്ള മറുപടി</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | അപേക്ഷകൾ തീർപ്പാക്കി കുടിശിക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (ഡി) | ബജറ്റിൽ അധിക തുക അനുവദിക്കുന്ന മുറയ്ക്ക് കുടിശ്ശികയുള്ള അപേക്ഷകൾ തീർപ്പാക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ